# ചിന്താദർശനം.

7469

ENTRY PROCLAMATION * MEMORIAL LIBRARY
QUILON

സാഹിത്യരസികൻ.

മുള്ളകാട്ടിൽ,

കെ. ഗംഗാധരനാശാൻ.

459 789

# ചിന്താദർശനം.

(സി. മാധവൻപിള്ള അവർകളുടെ ‘ഭാവപ്രകാശം’
എന്ന വ്യാഖ്യാനത്തോടുകൂടിയതു്.)

ഗ്രന്ഥകർത്താ:

സാഹിത്യരസികൻ,

**മുള്ളുകാട്ടിൽ, കെ. ഗംഗാധരനാശാൻ,**

മുണ്ടയ്ക്കൽ—കൊല്ലം.

ഒന്നാംപതിപ്പ് കാപ്പി—1000.

സുവർണ്ണപ്രകാശിനി പ്രസ്സ്, കൊല്ലം.

1113.

Price As. 4. വില അണ 4.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്.



സാഹിത്യരസികൻ,

മുള്ളുകാട്ടിൽ, കെ. ഗംഗാധരനാശാൻ.

# അഭിപ്രായം.

സാഹിത്യരസികൻ ശ്രീമാൻ മുള്ളകാട്ടിൽ കെ. ഗംഗാധരനാശാൻെറ 'ചിന്താദർശനം' എന്ന കാവ്യം എന്നെ സന്തോഷിപ്പിച്ചു.

ആലോചനകൾക്ക് അവഗാഢതയുണ്ടു്; ആശയങ്ങൾക്ക് അഭിനവത്വമുണ്ടു്; രചനയ്ക്കു ലാളിത്യവുമുണ്ടു്—എല്ലാംകൊണ്ടും സൽകാവ്യകോടിയിൽ പരിഗണിക്കപ്പെടാവുന്ന ഒരു കൃതിയാണിതെന്നു് സഹൃദയലോകം സമ്മതിക്കും.

ഈ യുവകവിക്കു് ഞാൻ വീണ്ടും വിജയം ആശംസിക്കുന്നു.

ചെറുതുരുത്തി
(കൊച്ചിസ്റ്റീമ)
26—3—113.

വള്ളത്തോൾ,
(ഒപ്പ്)

# ചിന്താദർശനം.

## I

ഇരുണ്ടിടുന്നു ഭുവനം; പ്രകാശ-
മേലുന്നു, വീണ്ടും മറയുന്നു മുററും;
ഇതെന്തിനാരാരുടെ വൈഭവത്തെ-
ക്കുറിച്ചിട്ടു, ന്നാരതഴിച്ചിടുന്നു? .. 1

അല്ലെങ്കിലെന്തിന്നു നിനച്ചു ചിത്തം-
പുകച്ചു വിണ്ണിൽ കരിതേച്ചിടുന്നു?
നരന്റെ ചിന്താഗതിയെ ക്കടന്നു-
പായുന്നിതെങ്ങോ ബത! ലോകചക്രം. 2

---

1. പ്രപഞ്ചത്തിൽ നിത്യസംഭവങ്ങളായി ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഇരുളിനേയും, പ്രകാശത്തേയും ദർശിച്ചിട്ടു കവി അതു് ആരുടെ പ്രചോദനമാണെന്ന ചിന്താവ്യവസായത്തിലേപ്പെടുന്നു. പ്രകൃതിസാമാന്യമായ ഒരു തത്വപ്രതിപാദനമായിമാത്രം തോന്നാവുന്ന ഈ ആദ്യശ്ലോകത്തിൽ മായയുടെ മൂടലും ചിത്തിന്റെ പ്രകാശവും വീണ്ടും അവതമസമാകുന്ന ഹൃദയഗതിയും ഇതിനെല്ലാം നിദാനമായ അന്തര്യ്യാമിയും കവിയുടെ ചിന്താനേത്രങ്ങൾ ദർശിക്കുന്ന ഒരു പ്രതീതികൂടി ഉൾക്കൊണ്ടുകാണുന്നു.

2. മനുഷ്യന്റെ വിചാരഗതിയെക്കടന്നു ലോകചക്രം എവിടേക്കോ കുതികൊള്ളുന്നു. വിചാരപ്പുകകൊണ്ടു് ചിദാകാശത്തെ കരി പിടിപ്പിക്കേണ്ട ആവശ്യമെന്തെന്നു ഈ രണ്ടാംപദ്യംകൊണ്ടുചോദിക്കുന്നു.

ചിലപ്പോൾ വിൺവീഥിയോടൊത്തുരുമ്മി-
പ്പാറും സ്ഫുലിംഗങ്ങൾ പറന്നു കാററിൽ
ആമന്ത്രണം ചെയ്വതിതെന്തു? ലോകാ-
ന്തരത്തിലും ശാശ്വതമല്ലി സൗഖ്യം? 3.

അതിൻ ഗതിക്കൊത്തു മുഴങ്ങിടാത്ത-
വിവേക വെൺമുത്തണി തൻകിലുക്കം
അമന്ദ മാനന്ദ മരന്ദ ഗീത-
രസം പൊഴിക്കുന്നതിലെന്തു ചിത്രം! 4.

---

3. എവിടേയ്ക്കെന്നില്ലാത്ത ലോകചക്രത്തിൻെറ ഗതികണ്ടു് അംബരമാർഗ്ഗത്തോടു ചേർന്നുരുമ്മിപ്പാറുന്ന തീപ്പൊരികൾ കാററിൽ പറക്കുന്നതിനെ കാണുകയും അന്യലോകത്തിലും സുഖത്തിൻെറ നശ്വരതയെ അതു് ആമന്ത്രിക്കുന്നതായി ചിന്തകൻ കേൾക്കുകയും ചെയ്യുന്നതിനെ വർണ്ണിച്ചിരിക്കുന്നു.

4. "ലോകാന്തരത്തിലും ശാശ്വതമല്ലിസൗഖ്യം" എന്ന മൂന്നാം പദ്യംകൊണ്ടു കവി കേട്ടുവെന്നു വിഭാവനചെയ്യുന്ന ആകാശഗാനത്തിനു് അനുഗുണമായി ശ്രുതിലയം കൊള്ളാതെ മുഴങ്ങുന്ന വിവേകവെണ്മുത്തുകളുടെ കിലുകിലാരവം ആനന്ദമകരന്ദബിന്ദുക്കളെ തൂകുന്ന ഗീതാമാധുരിയായി പരിണമിക്കുന്നതിൽ അതിശയിക്കാനെന്തുണ്ടു് എന്നു ചോദിക്കുന്നു. ഇവിടെ കവി ചാർവ്വാകമതത്തെ ഖണ്ഡിക്കുന്നു. ലോകജീവിതത്തോടുകൂടി ആനന്ദം അവസാനിക്കുന്നതായിപ്പറയുന്ന ലോകായതികമതം വിവേകശ്രേഷ്ഠ്യാ സമ്മതിക്കത്തക്കതല്ലെന്നു ഭാവം.

നക്ഷത്രജാലങ്ങൾ കടഞ്ഞു, രത്ന-
ഹാരം രചിക്കാൻ മുതിരുന്ന മോഹം;
ആഴക്കു മണ്ണിന്റെ മിനുക്ക മൊത്തി-
ങ്ങാഴത്തി ലാഴ്ത്തുന്നു നരന്റെ ചിത്തം. 5

മുകൾപ്പരപ്പാകെ യിരുട്ടു, ചുറ്റു-
പാടും സമീക്ഷിപ്പതു വഹ്നിപൂരം,
നില്ക്കുന്നതോ നമ്മൾ വിപത്‌സമൂഹ-
തന്തുക്കളാൽ തീർത്ത കുടിൽക്കകത്താം. 6

---

5. നക്ഷത്രരാശികളെ ഒന്നുകൂടി മിനുസപ്പെടുത്തിയിട്ടു അതിനെ രത്നമാലയാക്കണമെന്നു വിചാരിക്കുന്ന മോഹം, ആഴക്കു മണ്ണിന്റെ തിളക്കത്തിൽ മനുഷ്യമനസ്സിനെ പാതാളംവരെ താഴ്ത്തുന്നതായി കവി കാണുന്നു. മോഹത്തിന്റെ ഉച്ചൈർഭാവവും അതലസ്പർശിയായ അതിന്റെ അനുഭവവും വിവരിക്കുന്നതിനു കവി സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ അത്യന്തം സമുചിതങ്ങളായിട്ടുണ്ടു്.

6. മനുഷ്യമനസ്സിന്റെ ദുശ്ചേഷ്ടിതത്തെ ദർശിച്ചവനായ ചിന്തകൻ തന്റെ നിസ്സഹായാവസ്ഥയെ ചുഴിഞ്ഞുനോക്കുന്നു. മേൽഭാഗം അപരിജ്ഞേയമായ ആകാശതലം; എരിപൊരികൊള്ളിക്കുന്ന പരിസരം; ആപത്തുകളെക്കൊണ്ടു മെടഞ്ഞിട്ടുള്ള കുടലിലെ നില്പു്. മനുഷ്യവാഴ്ചയെ എത്ര തന്മയത്വത്തോടുകൂടി ഇതിൽ ചിത്രീകരിച്ചിരിക്കുന്നുവെന്നു നോക്കുക.

# II

ഇടയ്ക്കിടെ പ്പൊൻകസവിട്ട വെള്ളി-
പ്പൂശി, പ്രമോദാംബര മീശശില്പി
ഒരുക്കിടുംമുമ്പതണിഞ്ഞു മാനം-
മറയ്ക്കുവാൻ ലോകമഹോ! കൊതിപ്പൂ. 7

പക്ഷേ, യതിന്നപ്പുറവും നരന്റെ-
മോഹാംബരം താർമഷിപൂശിയാലും;
മിനുക്കുവാൻ വീണ്ടുമുഡുക്കളെങ്ങോ-
സമൃദ്ധ മെന്നപ്പി നിനച്ചിടുന്നു! 8

---

7. കരുണാനിധിയായ ദൈവം സകലവിധ മോഹനപ്രകൃതികളും കലർത്തി തന്റെ അപൂർവാനുഗ്രഹത്തെ ലോകത്തിനായി സംഭാവന ചെയ്യുന്നതിനു സന്നദ്ധനായി നില്ക്കേ, അക്ഷമമായ അന്തഃകരണം അതിന്റെ അപൂർണ്ണാവസ്ഥയെ കവർന്നു ആശ്വാസമടയുന്ന ദുരവസ്ഥയെ ഒരു പ്രകൃതിചിത്രം മുഖേന കവി പ്രസ്പഷ്ടമാക്കിയിരിക്കുന്നു.

8. ഈശ്വരാനുഗ്രഹത്തിനു കാത്തിരിക്കാതെ അതിനെ കടന്നു കയ്യൂലാക്കുവാൻ ശ്രമിച്ചു പരിഭ്രതമായ മനുഷ്യഹൃദയത്തിലെ ആശാതലം ഇരുണ്ടു തുടങ്ങുമ്പോൾ അതിനെ വീണ്ടും ജാജ്വല്യമാനമാക്കുന്നതിനു നക്ഷത്രജാലങ്ങളുണ്ടാകുമെന്നു സമാധാനിക്കുന്നു. മോഹമാത്രമായ ജീവിതത്തിന്റെ ദുരധിഗമനസ്വഭാവം നോക്കുക.

എന്നാലതിന്നേതൊരു മാനുഷൻെറ-
വരിഷ്ഠമാം മാനസ വിണ്ടലത്തിൽ
ഉയർന്നു പൂപ്പുഞ്ചിരിയാൽ വിടർന്നു-
വിളങ്ങിടും കൗമുദി യൊത്തു കാണ്മൂ. 9

ഇല്ലി,ല്ലഹോ! കൊണ്ടൽമറച്ചിടാത്ത-
മരീചി; വാടാത്ത സുമ പ്രകാണ്ഡം,
വിപത്തിൽ മുങ്ങാത്ത നരൻ, നരൻെറ-
സുഖത്തിൽ മങ്ങാത്ത വിപത്തുമോർക്കിൽ. 10

അഴിഞ്ഞുപോയീടില്ല, മെത്രമാത്രം
വിവർണ്ണമായാലു മഹോ! മനുഷ്യൻ
വിനശ്വരം ഹൃൽകടലാസ്സിലേതു-
പടം വരയ്ക്കില്ല മരിക്കുവോളം. 11

---

10. മേഘങ്ങൾ മറയ്ക്കാത്തതായ കിരണവും, വാടാത്ത പൂവും, ആപത്തിൽ മുഴുകാത്ത മനുഷ്യനും, മനുഷ്യൻെറ സുഖത്തിൽ നിറം കെടാത്ത വിപത്തും ഇല്ല എന്നു ചിന്തകൻ യുക്തിവാദം ചെയ്യുന്നു.

11. ആശാസ്വപ്നങ്ങളായ മായാരൂപങ്ങളെ ദർശിക്കുന്നു. അവ അഴിവുള്ളതായാലും അത്രമാത്രം നിറം കെടുന്നതായാലും മനുഷ്യൻ അവൻെറ ജീവാവസാനംവരെ ഹൃദയത്താളിൽ അത്തരം ചിത്രങ്ങളെ വരച്ചുകൊണ്ടിരിക്കുമെന്നുതന്നെ കവി കാണുന്നു.

അതീവ തൽചിത്ര മമേയശക്തി-
വിധേയമായ്, കൃത്യവിലീന മായി
ചലിപ്പതായ്കണ്ടു—കൃതാൎത്ഥ ഭാവം-
നടിപ്പൂ—ചിന്താരസ ദൎപ്പണത്തിൽ. 12

അകൃത്രിമ പ്പൊൻ മുകുരത്തിലല്ല-
ഫലിച്ചു കാണുന്നതു ലോകമെങ്ങും;
നിരൎത്ഥക സ്വാൎത്ഥ മനോരഥ പ്പാഴ്-
കുളത്തിലാളും ചെളിനീരിലത്രേ. 13

---

12. ആ ചിത്രങ്ങളാകട്ടെ, പരാശക്തിയോടുപററി പ്രവൃത്ത്യുന്മുഖമായി വ്യാപരിക്കുന്നതിനെ വിചാരരസലിപ്തമായ കണ്ണാടിയിൽക്കൂടി കണ്ടു് സ്വയം കൃതാൎത്ഥരാകുന്നതിനെ പ്രതിപാദിക്കുന്നു.

13. നിഷ്കളങ്കമായ സ്വൎണ്ണക്കണ്ണാടിയിലല്ല, തൻകാൎയ്യപ്രസക്തികൊണ്ടു ഇടുങ്ങിയ പൊട്ടക്കുളത്തിലെ ദുഷിച്ച ചെളിനീരിലാണു് ലോകം അതു പ്രതിഫലിച്ചു കാണുന്നതെന്നു വ്യതിരേകം കല്പിക്കുന്നു.

സംസാര വൻസാഗര സംഗരത്തിൽ
തരംഗ വിക്രാന്ത രൊരായിരംപേർ
പയററിയാലെന്തു? വിശിഷ്ടമർത്ത്യ-
രാട്ടിൻെറ ധമ്മക്കൊടി കീഴ്പ്പതിക്കാ. 14

# III

ജീവാംബരത്തിങ്ക ലമേയചിന്താ-
സമൂഹ താരങ്ങളുദിക്കമൂലം
വിവേക രത്നാകര മാകമാനം
തെളിഞ്ഞു വെള്ളിപ്പൂട ക്രൂട്ടിടുന്നു. 15

---

14. സംസാരക്കടൽയുദ്ധത്തിൽ മായാതരംഗിതരായ ഓരായിരം പേർ എതിത്താൽ തന്നെയും ലോകനിയാമകൻെറ ധൎമ്മപതാകയെ കീഴ്പതിപ്പിക്കുവാൻ സാധിക്കുകയില്ല. ധൎമ്മത്തിൻെറ സവ്വോച്ചസ്ഥിതിയും ശാശ്വതീകരണവും ആണു് ഈ പദ്യംകൊണ്ടു സാധിക്കുന്നതു്.

15. ചേതനാകാശത്തിൽ അവ്യക്തമായ വിചാരനക്ഷത്രങ്ങൾ ഉണ്ടാകുന്ന കാരണത്താൽ വിവേകസമുദ്രം തെളിവേലുന്നതായി പറയുന്നു. ചിന്തയുടെ ഉൽകൃഷ്ടഭാവം കൊണ്ടേ വിവേകത്തിനു തെളിവു സിദ്ധിക്കുകയുള്ളുവെന്നു ഇതിനാൽ തെളിയിച്ചിരിക്കുന്നു.

പ്രശാന്ത രമ്യാരമ്മ സരസ്സിലെങ്ങോ-
കളിച്ചു സൗരഭ്യ ഭരം വരിക്കാൻ
പോകുന്നിതാ, സൽഗ്ഗുണപുഷ്പവാടി-
തന്നിൽ പരാമോദകരൻ സമീരൻ. 16

## III

പോ, പോ നിനക്കെത്ര മഹീരുഹങ്ങ-
ളെന്നല്ല, വല്ലീകുല തല്ലജങ്ങൾ
കയ്യേകുവാൻ കാത്തു കൊതിച്ചു നിൽപ്പൂ,
താരേശ താരാവലിയും പ്രശാന്തം. 17

---

16. പരാരാധനൈകതാനനായ സൽഗ്ഗുണവാന്ന് ലഭിക്കുന്ന ആത്മവിശ്രാന്തിയെ മന്ദവായുവിന്റെ ഗതിവഴിക്കു ചിന്തകൻ ദർശിക്കുന്നു.

17. അത്തരം വരിഷ്ഠമായ ഒരാത്മാവിനു ഹസ്തദാനം ചെയ്യാനായി ശാഖികളും പ്രഗത്ഭകളായ ലതികാകദംബങ്ങളും സുധാകരോഡുക്കളും കാത്തുനില്ക്കുന്നതായി സങ്കല്പിക്കുന്നു.

ഉദിച്ചനാൾതൊട്ടു ലതാതരുക്കൾ
പരാത്ഥമായും, പരമാത്ഥമായും
വളൎന്നതോ, പുഷ്പ ഫലാദിമൂലം
നിനക്കു ജന്മം സഫലീകരിക്കാൻ. 18

അതോൎത്തുനന്ദിച്ചീടുക, യാരമ്മലാഭം-
വെടിഞ്ഞു ലോകൈക ഗുണത്തിനായി
ചരിക്ക നീ, നിൻെറ യഥാത്ഥ ധൎമ്മം-
വരിക്ക! വിശേഷാത്തരമാം വിധത്തിൽ. 19

---

18; 19. ഈ, വായവ്യസന്ദേശംവഴിക്കു പരാർത്ഥജീവിതത്തിൻെറ മഹനീയതയെ കവി കൂടുതൽ പ്രശംസാർഹമാക്കാൻ വിചാരിക്കുന്നു. പ്രപഞ്ചത്തിൽ വൃക്ഷലതാദികൾ അചരമെന്നവകുപ്പിൽപ്പെടുന്നു. അവപോലും ഉത്ഭവകാലം തുടങ്ങി പരാർത്ഥമായി ജീവിച്ചു അന്തൎയ്യാമി പ്രകൃതിക്കു വേണ്ടി സൎവ്വവും അർച്ചനചെയ്യുന്നു. ആ വിശിഷ്ടധൎമ്മത്തെ സൎവ്വോപരിസ്വീകരിച്ചു കാണ്മാൻ ചിന്തകൻ ആഗ്രഹിക്കുന്നു.

നിറഞ്ഞു നിർമ്മായഗുണം പരത്തും
തെളിഞ്ഞൊരാ വാസന യോർത്തുകണ്ടാൽ
വിശിഷ്ട വർണ്ണങ്ങളണിഞ്ഞ നാനാ-
സുമങ്ങളാർജ്ജിച്ചതു തന്നെയല്ലോ. 20

വാടിക്കരിഞ്ഞും വെയിലാ; ലലിഞ്ഞു
മണ്ണിൽ മഴത്തുള്ളികൾ മൂലവും ഹാ!
മറഞ്ഞു പോമായവ യെങ്കിലും നിൻ-
സൗരഭ്യ സാരാമൃതമാർ ഹരിക്കും? 21

---

20. ഇത്തരം ഉൽകൃഷ്ടമായ കർമ്മചോദനം വാസനാപ്രേരിതവും ആ വാസന നാനാത്വജന്യവുമാണെന്ന വേദാന്തമതത്തെ അവലോകനം ചെയ്യുന്നു. "ഭാവനാമനഃസാവൃത്തി—പൂർവസംസ്കാര സംഭവ:"

21. ആ വാസനയുടെ അനശ്വരാവസ്ഥയെ "നചൈനം ക്ലേദയന്ത്യാപോ:" എന്ന ഗീതാതത്ത്വത്തിൽ അധിഷ്ഠിതമാക്കി പ്രത്യക്ഷപ്പെടുത്തുന്നു.

"ഉൽപന്ന മാകുന്നവ യാകമാന-
മുല്പത്തി രംഗത്തു ലയിക്കു" മെന്നാൽ
ഇങ്ങെത്ര നീ നിന്നു വിഭിന്നമായി-
പ്രശസ്ത മിമ്മന്നിനു മാററു ചേപ്പൂ. 22

# IV

ഉൽകൃഷ്ടമർത്ത്യന്റെ വികല്പ രത്ന-
ഗോളസ്ഥ മല്ലോ സകലം; പ്രപഞ്ചം,
കാണ്മീല കണ്മുമ്പിലു മാത്മസാക്ഷാത്-
കാരം വെടിഞ്ഞന്യ മണുപ്രമാണം. 23

---

22. ഉല്പത്തിവാദത്തിൽനിന്നു ഭിന്നനാണ് ആത്മാവെന്നു ഉദ്ഘോഷിക്കുന്നു. ഉല്പത്തിപ്രകരണത്തെക്കുറിച്ചുള്ള വേദാന്തചിന്തനം നോക്കുക.

23. എല്ലാം ഉൽകൃഷ്ട മനുഷ്യന്റെ ഊഹാപോഹം മാത്രമാണ്. പ്രപഞ്ചതത്ത്വം ആത്മസാക്ഷാൽകാരമാണ്. അതിൽനിന്നു അന്യമായി ഒന്നിനേയും അതിനു ദർശിക്കുവാൻ സാധിക്കുന്നില്ല.

ചെയ്തില്ല, ചെയ്യുന്നതുമില്ല, യേക-
മല്ലാതെ യൊട്ടേറെ വിശിഷ്ടകാര്യ്യം;
നേടീല, നേടുന്നതുമില്ല നേക-
കൃത്യാരമ്മസംതൃപ്തി മഹാശയന്മാർ. 24

അപൂർണ്ണ, മജ്ഞാനവിധേയ മാരമ-
പരാദ്ധ്യ രത്നാഞ്ചിത ലോകസൂത്രം
വിസർഗ്ഗ വിജ്ഞാന കലാലയത്തിൻ
കെടാവിളക്ക, പ്പുറ മന്ധകാരം. 25

---

24. ആത്മസാക്ഷാത്കാരത്തിൻെറ സർവ്വാതിശായിയായ പുനഃപ്ര കാശനം.

25. ലോകസൂത്രത്തിൽ ആത്മാവാകുന്ന അമൂല്യരത്നത്തെ കോർക്കപ്പെട്ടിരിക്കുന്നു. അതാകട്ടെ സൃഷ്ടിതത്ത്വകലാശാലയിലെ കെടാവിളക്കമാണ്. അതിനങ്ങേപ്പുറം അന്ധകാരമയവും. ആത്മാവു്, സൃഷ്ടി എന്നതിൻെറ അസ്പഷ്ടഭാഗത്തെപ്പററി ചിന്തിക്കുന്നതിൻെറ നിരർത്ഥകതയെ സൂചിപ്പിക്കുന്നു.

മതാന്ധ സങ്കല്പതരുക്കൾ തൻെറ-
ശാഖാഗ്രഭാഗത്തി ലഗമ്യകീരം
പാടുന്നതേ, ദിവ്യ സുഖാരമഗാന-
മവ്യക്ത മാജ്ഞാകര മപ്രയുക്തം. 26

അതിൻ ലയത്തോടൊരുമിച്ച തന്ത്രി-
വിഹീനമാം ജീവിത വീണ മീട്ടാൻ
ആശാഗ്ഗുണം തേടി നിരാശപേറും
നരത്വമേ! നിൻ ഭ്രമ മെന്നു മായും? 27

---

26. ഇനി മതങ്ങളുടെ അധികാരസ്വരത്തെയും യുക്തിവിഹീനതയേയും ദർശിക്കുന്നു. മതങ്ങൾ ആന്ധ്യഭാവനാജന്യങ്ങൾ, അതിൻെറ "ഉച്ചാന്തലയ്ക്കൽ" ദുഷ്പ്രാപ്യമാകുന്നതത്ത അഭൗമമായ സുഖം എന്നു പാടുന്നു. മതാധികാരികളുടെ ദിവ്യസുഖഗാനത്തെ വിശേഷിപ്പിക്കുന്ന പദങ്ങൾ വിരുദ്ധബുദ്ധിപ്രദങ്ങളാക്കി പ്രത്യേകം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

27. മതോപദിഷ്ടമായ ആ ഗാനത്തോടിടകലത്തി കമ്പികളില്ലാത്ത ജീവിതവീണയെ പ്രതിധ്വനിപ്പിക്കുന്നതിനു ആശയാകുന്ന ചരടിനെ അന്വേഷിച്ച അസംതൃപ്തമാകുന്ന മനുഷ്യാവസ്ഥയുടെ ഈ ഭ്രാന്തു് എന്നു ശമിക്കുമെന്നു കവി ഖേദിക്കുന്നു. മതം ഓരോരുത്തരുടെ ആത്മസാക്ഷാൽക്കാരാനുഭവഫലമാണെന്നും അതിനു് സർവ്വ ജനനിയതത്വമില്ലെന്നും ഓർമ്മിക്കാതെ അതെല്ലാം ദൈവകല്പനയാണെന്നു വിചാരിച്ചോടുന്ന മനുഷ്യൻെറ മതഭ്രാന്തിനെയാണു് കവി ഇവിടെ വിവക്ഷിച്ചിരിക്കുന്നതു്.

# V

അനന്ത ചിന്താനവസൂന മോരോ
ന്നിണക്കി യന്നന്നു മരീചി മാലി
നിർമ്മാല്യ മാല്യങ്ങൾ രചിച്ചു താശാം-
ഗനയ്ക്കു നല്കുന്നു ദിനാന്തരത്തിൽ. 28

ഒരങ്ങിങ്ങു മാനം പലവർണ്ണമായും,-
മെന്നല്ല ചേതോഹര പൂർണ്ണമായും
കാണുന്ന മർത്ത്യന്റെ വിവേകദൃഷ്ടി-
ക്കങ്ങേപ്പുറം താരകളോ ലസിപ്പൂ? 29

---

28. കവിത വീണ്ടും പ്രകൃതിവിഭവങ്ങളെ സമീക്ഷിക്കുന്നു. കിരണമാലിയായ സൂര്യൻ പ്രതിദിനം ഓരോ പുതിയ വിചാരങ്ങളാകുന്ന പൂക്കളെ ഇണക്കിക്കോർത്തുനിർമ്മാല്യമാല്യങ്ങളാക്കി ദിഗംഗനയ്ക്കു അന്തിയിങ്കലടിയറ വയ്ക്കുന്നു. ഓരോ ദിവസവും പുതിയ ചിന്തകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നതാണ് കവിസങ്കല്പം.

29. വിവേക ദൃഷ്ടിപോലും വിജാതീയവർണ്ണവും മനോഹാരിതയും കലന്ന അകാശതലത്തെ അതിക്രമിച്ചുപോയിട്ടില്ലെന്നും അതിനങ്ങേപ്പുറമാണ് താരകോജ്ജ്വലമായ സിദ്ധപദവിയെന്നും ഭാവന ചെയ്തിരിക്കുന്നു.

ചിന്തേ! മടങ്ങീടുക; നിൻെറ മുമ്പി-
ലന്ധത്വ മേതാണ്ടൊരു കോട്ടകെട്ടി
തടഞ്ഞു നിൽക്കുന്നു—നിവന്നു മേല്പോ-
ട്ടെന്തിന്നു നീ നോക്കി യുഴന്നിടുന്നു? 30

നിരന്തരം നിൻെറ വിലാസഭാരം
പൊഴിച്ചിടും തപ്ത വിലോലബാഷ്പം
ഏതേതു ദിവ്യാസ്പദ കാവ്യസാരം-
കുറിച്ചിടാ ലോകചരിത്ര പൂൎവ്വം. 31

---

30. തൽക്കാരണത്താൽ കവി ചിന്തയെ പ്രത്യാനയിക്കുന്നു. മായാകല്പിതമായ കോട്ടയായി ആകാശം വിചാരഗതിയെ പ്രതിരോധിക്കുന്നു. വെറുതേ മേല്പോട്ടു നോക്കിക്കൊണ്ടിരിക്കുന്നതിൻെറ നിഷ്പ്രയോജനതയെ സൂചിപ്പിക്കുന്നു.

31. ചിന്ത അഭിരാമത വഹിച്ചിട്ടു പൊഴിക്കുന്ന ചുടുകണ്ണീർക്കണങ്ങൾ ലോകചരിത്രത്തെ സ്പർശിക്കുന്നതും ദിവ്യോന്മുഖവുമായ എത്ര എത്ര കാവ്യങ്ങളെ രചിക്കയില്ല. ചിന്തയും വിലാസവും കൂടി സമ്മേളിച്ചാൽ സ്വർഗ്ഗീയസുഖത്തെ അതിശയിക്കുന്ന കാവ്യരസം സഞ്ജാതമാകുകയും അതിൻെറ പരിണാമഫലം ആലോചനാമൃതമായി കവിദർശിക്കുകയും ചെയ്യുന്നു.

പോകട്ടെ! പക്ഷെ, മിഴിനീർ പ്രവാഹ-
മിക്കോട്ടയെ ത്തട്ടി യുടയ്ക്കു മെങ്കിൽ
കാണാം നിനക്കപ്പുറം, മാരമ്യരത്ന-
പരീത സിംഹാസന ദീപ്തി പൂരം. 32

അതിൽ തെളിഞ്ഞിട്ട മന്മയശാന്തി-
നിമജ്ജിതാനന്ദ വിശിഷ്ടലോകം
രചിച്ചു; സൗഹാർദ്ദ സുധാംശുതുല്യം
നിനക്കു നല്കാം വിധി നിസ്തുലാഭം. 33

---

32. ചിന്തോദ്ഗളിതമായ അശ്രുപ്രവാഹം പ്രതിബന്ധദുർഗ്ഗത്തെ അതിലംഘിക്കുമെങ്കിൽ ആത്മസാമ്രാജ്യസിംഹാസനം ദൃശ്യമാകുകയും തന്മൂലം പ്രതിബന്ധരഹിതമായ ആത്മലാഭം സംസിദ്ധമാകുകയുംചെയ്യും.

33. ആത്മസാമ്രാജ്യത്തിലെ അനന്ത രത്നോജ്ജ്വലമായ സിംഹാസനത്തിനുള്ളിൽ ശാന്തിയിലാറാടി പരമാനന്ദമായ ലോകത്തെ നിർമ്മിച്ച വിധി നിനക്കായിത്തരും, അതു് പ്രണയാമൃതകിരണനെപ്പോലെ അതുല്യപ്രശോഭിതവുമായിരിക്കും.

EENTRY PROCLAMA
KANNIMAL & AYATHIL
QUILON
MEMORIAL LIBRARY

# വില്പാൻ തയാർ.

## ഉള്ളൂർ, വള്ളത്തോൾ

തുടങ്ങിയ മഹാകവികളുടെ വിലമതിക്കാനാകാത്ത
വിശുദ്ധാഭിപ്രായങ്ങളാൽ സമലംകൃതമായ

## ഉത്തമസാഹിത്യഗ്രന്ഥങ്ങൾ.

ഗ്രന്ഥകർത്താ,
സാഹിത്യരസികൻ,

**മുള്ളുകാട്ടിൽ, കെ. ഗംഗാധരനാശാൻ.**

| | ണ. | ന |
|---|---|---|
| വിലസിയ പൂവ് | 2 | 0 |
| സുലേഖ | 4 | 0 |
| ജനനീവിലാപം | 1 | 0 |
| പ്രേമം | 4 | 0 |
| വീരപത്നി | 2 | 0 |
| ഹരിണി | 4 | 0 |
| സാഹിത്യചന്ദ്രിക | 3 | 0 |
| മലർവാടി | 2 | 0 |
| മണിമഞ്ജരി | 6 | 0 |
| ചിന്താദർശനം | 4 | 0 |
| കനകലത (ഒരു നോവൽ) | 4 | 0 |
| സോമവല്ലി ” | 8 | 0 |
| പത്മിനി (ഒരു ചരിത്രനാടകം) | 6 | 0 |

റി. തെന്നാട്ടുറെഡ്ഡ്യാർ,
എസ്സ്. പി. പ്രസ്സ് & ബുക്കഡിപ്പോ,
കൊല്ലം.